<u>പത്രക്കുറിപ്പ്</u>

# ആറന്മുള ക്ഷേത്രത്തിന്റെ കൊടിമരത്തിനും ഗോപുരത്തിനും എതിരായ റിപ്പോർട്ട് ഉടൻ പിൻവലിക്കണം: പള്ളിയോടസേവാസംഘം

**ആറന്മുള** : ക്ഷേത്രത്തിന്റെ കൊടിമരത്തിന്റെ ഉയരം കുറയ്ക്കണമെന്നും ക്ഷേത്രത്തിന്റെ ഗോപുരവും കവാടവും മാറ്റണമെന്നുമുള്ള റിപ്പോർട്ട് ഉടൻ പിൻവലിക്കണമെന്ന് പള്ളിയോടസേവാസംഘം ആവശ്യപ്പെട്ടു. ഈ റിപ്പോർട്ടിൽ ക്ഷേത്രത്തിനെ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്താമെന്നും പരാമർശിക്കാനും ആർക്കും അധികാരമില്ല. കാരണം ഇത് ഭക്തജനങ്ങളുടെ ആരാധനാ കേന്ദ്രമാണ്. പൗരാണിക കാലം മുതൽ നിലനിൽക്കുന്ന ആറന്മുള ക്ഷേത്ര സംസ്കൃതിയുടെ അടിത്തറ ഈ ക്ഷേത്രമാണ്. അർജ്ജുനനാൽ പ്രതിഷ്ഠിക്കപ്പെട്ടു എന്ന് വിശ്വസിക്കുന്ന ഈ ക്ഷേത്രം വൈഷ്ണവ തിരുപ്പതികളിൽ വെച്ച് ഏറ്റവും പ്രധാന്യം അർഹിക്കുന്ന ക്ഷേത്രമാണ്. ഇത് ആറന്മുള ക്ഷേത്രത്തിന്റെയും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന സംസ്കാരത്തിന്റെയും ദേശീയ പ്രാധാന്യത്തിനെയാണ് കാണിക്കുന്നത്. ആറന്മുളയിലേത് ലോകത്തിലെതന്നെ ഏറ്റവും ഉയരം കൂടിയ കൊടിമരങ്ങളിലൊന്നാണ്. ക്ഷേത്ര പ്രതിഷ്ഠയോടൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ധ്വജ പ്രതിഷ്ഠയും. ഇതിന്റെ ഉയരം കുറയ്ക്കണമെന്നും മറ്റും പറയുന്നത് ലജ്ജാവഹമാണ്.

റിപ്പോർട്ട് വിമാനത്താവള കമ്പനിയുടെ പെട്ടിയിൽ സൂക്ഷിച്ചാൽ മതി. ഇതിന്റെ വിൽപ്പന ആറന്മുളയിൽ അനുവദിക്കില്ല. ആറന്മുളക്കാരുടെ രക്തത്തിൽ ജാതി-മത ഭേദമന്യേ അലിഞ്ഞു ചേർന്നതാണ് ഈ സംസ്കാരം. വിമാനത്താവളം തന്നെ ഈ പൈതൃക സമ്പത്തിനെ നശിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നു വേണം കരുതാൻ.

മുഖ്യമന്ത്രി അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടണം. റിപ്പോർട്ടിനെ സംബന്ധിച്ച കാര്യങ്ങൾ പുറത്തുകൊണ്ടുവരണം. ഇതിൽ എന്തെങ്കിലും ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കണം. ആറന്മുള ക്ഷേത്രത്തിനും സംസ്കൃതിയ്ക്കും തുരങ്കം വയ്ക്കുന്നതാണ് വിമാനത്താവള പദ്ധതിയെന്ന് പൊതുജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ നിർമ്മാണ പദ്ധതിയിൽ നിന്ന് കമ്പനി പിൻമാറണം. ഇത്തരം റിപ്പോർട്ടുകൾ തള്ളിക്കളഞ്ഞ് ക്ഷേത്ര വിശ്വാസികളായ ജനങ്ങളോട് മാപ്പ് പറയണം. കമ്പനിയുടെ എല്ലാത്തരത്തിലുമുള്ള വിമാനത്താവള പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണം. പത്രമാധ്യമങ്ങളിൽ ഇത് സംബന്ധിച്ച് വന്ന വാർത്തകൾ അസത്യമാണെന്ന് കമ്പനിയുടെ വാദം പച്ചക്കള്ളമാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് ഏകദേശം മുന്നൂറോളം പേജുകൾ അടങ്ങുന്നതാണ്. ഈ റിപ്പോർട്ടിൽ വിമാന ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന വസ്തുക്കളുടെ കൂട്ടത്തിൽ ആദ്യത്തേതാണ് ക്ഷേത്രക്കൊടിമരം. കിറ്റ്കോയുടെ റിപ്പോർട്ട് ഏകദേശം ഇരുനൂറോളം പേജുകൾ അടങ്ങുന്നതാണ്. ഇതിന്റെ 34-ാമത്തെ പേജിലാണ് കൊടിമരത്തിന്റെ ഉയരം കുറയ്ക്കണമെന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്. രണ്ട് റിപ്പോർട്ടുകളും വിമാന ഗതാഗതത്തിന് ക്ഷേത്രകവാടം 285

മീറ്റർ നീക്കുന്നത് ഗുണം ചെയ്യുമെന്ന് പരാമർശിക്കുന്നു. ക്ഷേത്ര കൊടിമരത്തിൽ സൂചനാ ലൈറ്റ് സ്ഥാപിക്കും എന്നതുപോലെ ലോകത്തെവിടെയും കേട്ടുകേഴ്‌വിപോലും ഇല്ലാത്ത വിചിത്രമായ നിർദ്ദേശംകൂടി അടങ്ങുന്നതാണ് കിറ്റ്കോയുടെ റിപ്പോർട്ട്. ഈ റിപ്പോർട്ടുകൾ പൂർണ്ണമായും പാലിച്ചുകൊള്ളാമെന്ന ഉറപ്പിന്റെ പേരിലാണോ കേന്ദ്ര വ്യോമയാന മന്ത്രാലയം വിമാനത്താവളത്തിന് അനുമതി നൽകിയതെന്ന് നിർമ്മാണക്കമ്പനി വ്യക്തമാക്കണം. ക്ഷേത്രത്തിന്റെ ധ്വജപ്രതിഷ്ഠയും മറ്റ് സ്ഥാനങ്ങളും എന്തിന്റെയെങ്കിലുംപേരിൽ നശിപ്പിക്കണമെന്ന് പരാമർശിക്കുന്നതുതന്നെ ഭക്തജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇത്തരം കാര്യങ്ങളിൽ ഇപ്പോഴും പൂർണ്ണമായും സംയമനം പാലിച്ചുനിൽക്കുന്ന ഭക്തജനങ്ങളുടെ സഹനശക്തിയെ ഇനിയും പരീക്ഷിക്കുവാൻ മുതിർന്നാൻ ഗുരുതരമായ പ്രത്യാഘാതമാകും അനന്തര ഫലമെന്ന് പള്ളിയോടസേവാസംഘം ആക്ടിംഗ് പ്രസിഡന്റ് പ്രൊഫ. എൻ. പി. ശങ്കരനാരായണ പിള്ളയും സെക്രട്ടറി രതീഷ് ആർ. മോഹനും പത്രപ്രസ്താവനയിൽ അറിയിച്ചു.

വിശ്വസ്തതയോടെ

**രതീഷ് ആർ. മോഹൻ**
സെക്രട്ടറി
പള്ളിയോട സേവാസംഘം,
ആറന്മുള
**Mob: 9447408260**

ആറന്മുള
12 - 11 - 2013